Mr. President.—Expert for finding distances. I think I must object to answer such questions. Question time is not intended for that. It is really wasting the time of the House.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ ഹർജികളെപറ്റി ഗവമ്മെണ്ട് എന്താണ് അന്വേഷണം നടത്തിയതെന്ന പറയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.— ചീഫ് ഇഞ്ചിനീയർ അവയെക്കുറിച്ചു അന്വേഷിച്ചതിന്റെ ഒരു റിപ്പോർട്ട മേശപ്പുറത്തു വെച്ചിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഹർജിക്കാക്ക് ഇതിനെ സംബന്ധിച്ചു് വല്ല മറുപടിയും കൊടുത്തിട്ടുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer)*.—I want notice.

Pipe line to Mattancheri—laying of.

240. Mr. M. V. Cherian *(Mattancheri South)*.—Will the Government be pleased to state whether any steps are being taken in the matter of laying pipes across the back water to Mattancheri; if the answer is in the affirmative, will the Government be pleased to state when the Government sent proposals to the Mattancheri Municipality and with what effect?

Mr. V. K. Aravindaksha Menon *(Chief Engineer)*.—Government have provided in the budget for the current year sufficient funds for laying the pipe line across the back water to Mattancheri. Government have already sent to the Municipality proposals for the financing of the scheme but the Municipality has not yet given a definite reply to Government on this point.

Irrigation Overseers—appointment of.

൨൫൧. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെപറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ട സദയം മറുപടി പറയുമോ:—

(ക) 'ഇറിഗേഷൻ സബ്ബയർ' എന്ന തസ്തികക്ക് 'ഇറിഗേഷൻ ഓവർസീയർ' എന്ന രൂപാന്തരപ്പെടുത്തീട്ടുണ്ടോ; ഉണ്ടെങ്കിൽ

(ഖ) അതിന്റെ ആവശ്യം എന്താണെന്ന പറയാമോ:

(ഗ) ഈ രണ്ടു തസ്തികയ്ക്കും തമ്മിൽ ശമ്പളത്തിൽ വല്ല വ്യത്യാസവും വരുത്തീട്ടുണ്ടോ എന്നും ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്ക് എന്തെന്നും പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ശ) Irrigation Overseer-മാരായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും പറയാമോ?

(ഖ) അവർ ഇപ്പോൾ ഏതേതു സ്ഥലങ്ങളിൽ ആണു ജോലി ചെയ്യുവരുന്നതെന്നു പറയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.— (ക) ഉവ്വ്.

(ഖ) തസ്തിക പേർ മാറിയതു് ആളുകളെ അവരുടെ യോഗ്യതയും പ്രാപ്തിയും അനുസരിച്ചു സർവ്വെ ജോലിക്കു നിയമിക്കുവാൻവേണ്ടിയാണു്.

(ഗ) ഇല്ല. ഇറിഗേഷൻ സർവ്വെയർമാരുടെ ശമ്പളം ക. വ്യ-ക്ഷ്ട വരെയായിരുന്നു. ഈ ഗ്രേഡിൽ യാതൊരു മാറ്റവും വരുത്തീട്ടില്ല. എന്നാൽ ന്യ-വ്യ ക. വരെ ശമ്പളമായിരുന്ന സീനിയർ ഗ-ാം ഗ്രേഡ് ഓവർസീയർമാരിൽ രണ്ടുപേർക്കു് ഈ ശമ്പളം ഇപ്പോൾ കൊടുക്കുന്നുണ്ടു്. ഓവർസീയർമാരിൽ സർവ്വീസുകൊണ്ടു ജൂനിയർമാരായിട്ടുള്ള ഇപ്പോഴത്തെ ഇറിഗേഷൻ ഓവർസീയർമാർക്കു ക. ന്യ—വ്യ വരെയുള്ള ഗ്രേഡ് കൊടുക്കുന്നുണ്ടു്.

(ങ) ചിറമ്മൽ ഇറിഗേഷൻ ഓവർസീയർക്കുപുറമെ രണ്ടുപേരെ ഇറിഗേഷൻ ഓവർസീയർമാരായി നിയമിച്ചിട്ടുണ്ടു്. ഇവരുടെ പേർ (ക) തെസ്സേഴ്സ് കെ. മാണിക്കമേനോൻ, (ഖ) കെ. വി. ജോജ്ജ്.

(ച) മിസ്റ്റർ മാണിക്കമേനോൻ ഇപ്പോൾ ആനമല റോഡ് സർവ്വെ പണിയിൽ തല്ക്കാലം ജോലി നോക്കുകയാണു്. അതിനുപകരം ആരേയും നിയമിച്ചിട്ടില്ല. മിസ്റ്റർ കെ. വി. ജോജ്ജ് 'നടത്തോട്ട സ്കീം' പരിശോധിക്കയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇറിഗേഷൻ സർവ്വെയർ എന്ന പേരുമാറുന്നതിനു മുമ്പു് എത്രപേരെ നിയമിച്ചിട്ടുണ്ടായിരുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.— പലരേയും നിയമിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ പേരുമാറുന്നതിനു മുമ്പുള്ളതാണോ ചോദിക്കുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.— ആക്ടിംഗായി പലരേയും നിയമിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkancheri)*.— കെ. വി. ജോജ്ജിന്റെ ശമ്പളമെന്താണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.— ന്യാ മുതൽ വ്യാ രൂപാവരെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ *(Vadakkancheri)*.—അദ്ദേഹത്തിന് മുമ്പു ശമ്പളമെന്തായിരുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.—മുമ്പും ഈ ശമ്പളംതന്നെയായിരുന്നു.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ *(Vadakkancheri)*.— ഇറിഗേഷൻ ഓവർസീയറായി വ്യാ മുതൽ ഫ്ഠ0 വരെ ശമ്പളത്തിൽ ഇരുന്നാ ആൾ അല്ലെ ഈ കെ. വി. ജോർജ്ജ്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.—അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ 4 പേർ ആരൊക്കെ ആണ്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.—രണ്ടുപേരുടെ പേരു് ഇതിലുണ്ട്. വേറൊരാൾ ചിറ്റൂർ ഓവർസീയറാണു്. അയാളുടെ പേർ അയിപ്പു് എന്നാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ *(Vadakkancheri)*.— വ്യാ മുതൽ ഫ്ഠ0 വരെ ഗ്രേഡു് കൊടുത്തിരുന്ന കെ. വി. ജോർജ്ജിനു് നടത്തോട്ടു് സ്കീം പരിശോധിക്കാൻ പോയപ്പോൾ ന്യാ മുതൽ വ്യാ വരെ ആയി കുറയുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.—അപ്പോൾ അയാളുടെ ജോലി സ്ഥിരം അല്ലായിരുന്നു. ഇതൊരു സ്പെഷ്യൽ സ്കീം ആയിരുന്നു. പെർമനൻറായതിനു ശേഷം ആണു് ഈ ശമ്പളം കൊടുത്തതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ *(Vadakkancheri)*.— സ്പെഷ്യലാഫീസറായിട്ട പത്തു കൊല്ലത്തിലധികം കാലം പ്രശസ്തമായ രീതിയിൽ ഭരണം നടത്തിയ ഒരാളാണോ അദ്ദേഹം?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.—പ്രശസ്തമായ രീതിയിൽ ആണോ എന്നു അറിഞ്ഞുകൂടാ. അദ്ദേഹത്തെ ഇടയ്ക്കിടയ്ക്കു സ്പെഷ്യൽ ജാബിൽ വച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കെ. വി. ജോർജ്ജിനെ ഇറിഗേഷൻ ഓവർസിയർ ആക്കുന്നതിനു മുമ്പു് ശമ്പളം എന്തായിരുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ *(Chief Engineer)*.—ന്യാ മുതൽ വ്യാ വരെയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly